# മനുഷ്യാവതാര രഹസ്യം ജീവിതംകൊണ്ട് പ്രഘോഷിച്ച
# മദർ കാർള

- ബ്ര. ജോസഫ് സിറാജ്

മദറിനെക്കുറിച്ച് അറിയും തോറും ഈശോയുടെ മനുഷ്യാവതാര രഹസ്യം ഹൃദയത്തിൽ ആഴപ്പെടുന്ന അനുഭവമാണ് എനിക്ക് ഉണ്ടാകുന്നത്. ഒന്നുമില്ലായ്മയിൽ നിന്ന് ഈശോയുടെ കൂട്ടുപിടിച്ച് വിശുദ്ധിയുടെ പടവുകൾ കയറുവാൻ പരിശ്രമിച്ച ഒരു പുണ്യജന്മം. മദറിനെ അമ്മ എന്ന് വിളിക്കാനാണ് എനിക്കിഷ്ടം. മദറിനെ കുറിച്ചുള്ള ജെസീന്ത സിസ്റ്ററിന്റെ ഷെയറിങ് വല്ലാത്ത ഒരു അടുപ്പം എനിക്ക് അമ്മയോട് ഉണ്ടാക്കി. മദറിനെക്കുറിച്ച് കേട്ടതും വായിച്ചതും ഞാൻ ഡയറിയൽ കുറിച്ചിട്ടു.

*ത്യാഗങ്ങൾ ഈശോയുടെ സമ്മാനമായി സ്വീകരിച്ച അമ്മ...*

*ഞെരുക്കങ്ങൾ ഈശോയിലേക്കുള്ള കുറുക്കുവഴികളാക്കിയ അമ്മ...*

*ദാരിദ്ര്യം ഈശോയെ സ്നേഹിക്കുവാനുള്ള ഉപകരണം ആക്കിയ അമ്മ...*

2022 ഡിസംബർ 11ന് ഇറ്റലിയിൽ വച്ച് മദർ കാർളയുടെ നാമകരണ നടപടികൾ തുടങ്ങിയപ്പോൾ മനസ്സിൽ തെളിഞ്ഞ വചനം ഇതായിരുന്നു "**വിശുദ്ധമായ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും**"(ജ്ഞാനം.6:10). കാലം അത് തെളിയിക്കും.

**ജീവിതവീഥി**

1922 ഫെബ്രുവരി 17ന് വടക്കൻ ഇറ്റലിയിലെ നോവിലിഗുരേ എന്ന സ്ഥലത്ത് ജുസേപ്പെ, ഓൾഗ ബൊർഗേരി എന്നിവരുടെ ഏക മകളായി നാദ അനുൻസിയാത്ത ക്ലെയോ **മദർ കാർള** ജനിച്ചു. നാദയുടെ ജനനത്തിന് മുൻപേ പിതാവ് മരണമടഞ്ഞു. അവളുടെ അമ്മ ഓൾഗ കുഞ്ഞു ക്ലേയോയ്ക്ക് എല്ലാവിധത്തിലുമുള്ള സ്നേഹസാന്ത്വനങ്ങൾ നൽകി വളർത്താൻ നിരന്തരം പരിശ്രമിച്ചു. 1922 മാർച്ച് 24ന് ജ്ഞാനസ്നാനവും 1931 ജൂൺ 15ന് സ്ഥൈര്യലേപനവും അതേ വർഷം ഡിസംബറിൽ പ്രഥമ ദിവ്യകാരുണ്യവും സ്വീകരിച്ച നാദ ദൈവത്തിന്റെ പരിപാലനയിൽ നിരന്തരം വളർന്നുവന്നു.

**പരീക്ഷണ കാലഘട്ടം**

പഠനത്തിൽ മിടുക്കി ആയിരുന്ന നാദയുടെ നാലാം തരത്തിലെ വർഷാന്ത്യത്തിൽ അമ്മയ്ക്ക് അസുഖം ബാധിച്ച് കിടപ്പിലായി. 9-ാം വയസ്സിൽ പഠനം നിർത്തി തന്റെ അമ്മയെ ശുശ്രൂഷിക്കാനുള്ള കരുത്ത് അവൾ ദിവ്യകാരുണ്യ ഭക്തിയിലൂടെ ആർജ്ജിച്ചു . അവൾ ചെറു ജോലികൾ ചെയ്ത് വരുമാനം സമ്പാദിച്ചു തുടങ്ങി. എന്നാൽ സഹനങ്ങൾ പിന്തുടർന്നുകൊണ്ടിരുന്നു. നാദയുടെ പന്ത്രണ്ടാം വയസ്സിൽ ക്ഷയരോഗം ബാധിച്ച് അവളെ ഫ്ളോറൻസിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നീണ്ട ആശുപത്രി ജീവിതത്തിലും അവൾ ഈശോയെ വിട്ടുപിരിഞ്ഞില്ല.ഹോസ്പിറ്റൽ കപ്പേളയിൽ അവൾ ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിക്കുക പതിവായിരുന്നു. നാളുകൾക്ക് ശേഷം ഹോസ്പിറ്റലിൽ നിന്ന് പുറത്തിറങ്ങി നാദയും അമ്മയും കുറേക്കാലം ആ നാട്ടിൽ തന്നെ താമസിച്ചു. പിന്നീട് റോമിലേക്ക് താമസം മാറ്റി. അവിടെ നാദ അല്പം ലോകാനന്ദത്തിന്റെ ജീവിതം നയിച്ചു. പതിയെ വിശ്വാസം കുറഞ്ഞു. ആത്മീയ യാഥാർത്ഥ്യങ്ങളുടെ തിരസ്കരണങ്ങൾ കാര്യങ്ങൾ ഏറെ സങ്കീർണമാക്കി. 22-ാം വയസ്സിൽ നാദയ്ക്ക് വീണ്ടും ക്ഷയരോഗം ബാധിച്ചു.

"**ദൈവത്തിൽ നിന്ന് അകലാൻ നാം ശ്രമിച്ചാലും
അവൻ നമ്മളിൽ നിന്ന് അകലുകയില്ല**"

**പരിവർത്തന കാലം**

നാദയെ സത്യവിശ്വാസത്തിലേക്ക് കൊണ്ടുവരുവാൻ കമീലിയൻ വൈദികനായ ഓർഫെയോ റൊമാനി നിരവധി പരിശ്രമം നടത്തി. ഒരിക്കൽ ഈ വൈദികൻ നൽകിയ ഒരു പുസ്തകം വാങ്ങാൻ അവൾ വഴങ്ങി. ആ പുസ്തകത്തിൽ പണം കണ്ടപ്പോൾ തിരികെ നൽകിയെങ്കിലും വൈദികൻ അത് സ്വീകരിച്ചില്ല അത് അമ്മയുടെ ചികിത്സയ്ക്ക് ഉപയോഗിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. ഈ സംഭവം നാദയിൽ ദൈവിക അനുഭവം സൃഷ്ടിച്ചു. ദൈവം തങ്ങളെ കൈവിട്ടിട്ടി

ല്ല എന്നും തന്നെ സ്നേഹിക്കുന്നു എന്നും അവൾ മനസ്സിലാക്കി. വിശുദ്ധ കൊച്ചുത്രേസ്യാ ഉൾപ്പെടെയുള്ള ധാരാളം വിശുദ്ധരുടെ ജീവചരിത്രങ്ങൾ അടങ്ങിയ ആത്മീയ ഗ്രന്ഥങ്ങൾ അവൾ വായിക്കാൻ തുടങ്ങി. നാദയ്ക്ക് ഒരു കാര്യം ബോധ്യമായി. '*ദൈവത്തിന് പൂർണമായി സമർപ്പിച്ചാൽ മാത്രമേ തന്റെ ഭാവി ജീവിതത്തിന് അർത്ഥവ്യാപ്തി ഉണ്ടാകും...*' അങ്ങനെ അവൾ തന്നെത്തന്നെ പൂർണമായി സമർപ്പിക്കാൻ തീരുമാനിച്ചു.

**സന്യാസ പടവുകൾ**

നാദ സ്വകാര്യ വ്രതങ്ങളായ ദാരിദ്ര്യം വിശുദ്ധി അനുസരണം എന്നീ പുണ്യങ്ങളുടെ പ്രസരണത്തിൽ എത്തിനിന്നു. ഒരു കന്യാസ്ത്രീ മഠത്തിൽ ഏകാന്തവാസ ജീവിതമാണ് അവൾ ആഗ്രഹിച്ചത്. എന്നാൽ അമ്മയെ ഒറ്റയ്ക്കാക്കി പോകുവാൻ അവൾ തയ്യാറായില്ല. അതുപോലെ സാമ്പത്തികമായി പിന്നോക്കം ആയതിനാൽ സന്യാസാശ്രമത്തിൽ കൊടുക്കാനുള്ള പണത്തിന്റെ കുറവും അവൾ നേരിട്ടു. എന്നാൽ പിന്നീട് സഹചര്യങ്ങൾ അനുകൂലമായി വന്നു. അങ്ങനെ അവൾ മഠത്തിൽ പ്രവേശിക്കാൻ തീരുമാനിച്ചു. ക്ഷയ രോഗത്തെ അതിജീവിച്ചവരും, ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിൽ നിന്ന് വന്നവരും ഉൾക്കൊള്ളുന്ന സന്യസ്ഥത്തിലധിഷ്ഠിതമായ ഒരു പുതിയ സമൂഹം മനുഷ്യാവതാരത്തിന്റെ ദാസർ – '**സർവെൻസ് ഓഫ് ഇൻകാർനേഷൻ**' എന്നൊരു സഭ ഉണ്ടായിരുന്നു. 1952 ജൂലൈ 19-ന് നാദ ഈ സഭാ സമൂഹത്തിൽ ചേർന്നു. ഒരു വർഷത്തിനുശേഷം അമ്മയെ കൂടെ താമസിപ്പിക്കുവാനുള്ള ഉറപ്പിനോടൊപ്പം സിസ്റ്റേഴ്സ് അവൾക്ക് സഭാ വസ്ത്രം നൽകി. സിസ്റ്റർ കാർള എന്ന നാമം അവൾ സ്വീകരിച്ചു. അവൾ അത്യധികം സന്തോഷിച്ചു.

എന്നാൽ ആ സന്തോഷവും ശാശ്വതമായിരുന്നില്ല നോവിഷേറ്റിൽ പ്രവേശിക്കാൻ അമ്മയെ വിട്ടുപേക്ഷിക്കേണ്ട സ്ഥിതിവന്നു. അമ്മയെ ഒറ്റയ്ക്ക് വിടുന്നത് ഒഴിവാക്കുവാൻ വളരെ വലിയ സഹനത്തോടെ എന്നാൽ അതിരറ്റ കരുണയാൽ പ്രകാശിതയായി, 1961-ൽ മനുഷ്യാവതാരത്തിന്റെ ദാസരുടെ സഭാ സമൂഹത്തിൽ നിന്നും സിസ്റ്റർ കാർള വിട്ടുപോന്നു. മനുഷ്യരാശിക്കായി നമ്മെപ്പോലെ മനുഷ്യനായി അവതരിച്ച ദൈവത്തെ, മനസ്സിൽ ചേർത്തുപിടിച്ച് നാദ വീണ്ടും ജോലിയിലേക്ക് മടങ്ങി. അമൂല്യമായ മൂന്ന് രത്നങ്ങളുടെ മിശ്രിതമായിരുന്നു അവളുടെ ജീവിതം
*** പ്രവൃർത്തി * പ്രാർത്ഥന * സ്നേഹ വാത്സല്യത്തോടെ അമ്മയെ ശുശ്രൂഷിക്കാനുള്ള പുണ്യം.** നാദയുടെ ഈ ജീവിതം മറ്റുള്ളവരെ ആകർഷിക്കാൻ തുടങ്ങി. ചില സ്ത്രീകൾ നാദയുടെ അടുത്തേക്ക് വന്ന് നാദയുടെ ഒപ്പം ചേർന്നു. ദൈവം പുതിയൊരു സന്യാസ സമൂഹത്തിന് രൂപം കൊടുക്കുന്നതിന്റെ തുടക്കമായിരുന്നു അത്. കാലത്തിന്റെ തികവിൽ ദൈവത്തിന്റെ പദ്ധതി പ്രകാരം മനുഷ്യാവതാരത്തിന്റെ പ്രേഷിത സന്യസ്ഥർ- **മിഷനറി സിസ്റ്റേഴ്സ് ഓഫ് ഇൻകാർനേഷൻ** (എസ്. എം. ഐ) രൂപം പ്രാപിച്ചു. മദർ കാർളയുടെ സഹനത്തിലൂടെയും ത്യാഗത്തിലൂടെയുമുള്ള അവതരിച്ച വചനത്തിന്റെ സാക്ഷ്യത്തിന് ദൈവം നല്കിയ ഒരു സമ്മാനം ആയിരുന്നു **മിഷനറി സിസ്റ്റേഴ്സ് ഓഫ് ഇൻകാർനേഷൻ** സഭാ.

ഒരിക്കൽ മദർ തന്റെ പുത്രിമാരോട് പറഞ്ഞു: "**മനുഷ്യാവതാരത്തിന്റെ പ്രേഷിത സന്യസ്ഥരായ നാം, തിരുവചനത്തിന്റെ ദൂതരായതിനാൽ അവിടുന്ന് നമ്മെ ഭരമേൽപിച്ചിരിക്കുന്ന ദൗത്യത്തിനായി പ്രത്യേകിച്ച് ക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷവും, വളരെ കുറച്ചു മാത്രം മനസ്സിലാക്കി വച്ചിരിക്കുന്ന ആ ദിവ്യരഹസ്യം അറിയപ്പെടാനും – സ്നേഹിക്കപ്പെടാനുമുള്ള യത്നത്തിനായി വളരെ ശ്രദ്ധയോടെ തയ്യാറാകണം**".

**മനുഷ്യാവതാര പ്രേക്ഷിത വൈദിക സഭ**

"ഞാൻ നട്ടു; അപ്പോളോസ് നനച്ചു; എന്നാൽ ദൈവമാണ് വളർത്തിയത് "(1 കൊറി. 3:6). മനുഷ്യാവതാരത്തിന്റെ സന്യസ്ഥർ ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് വളർന്നു. അല്ല ദൈവം അതിനെ വളർത്തി. ഈശോയുടെ മനുഷ്യാവതാരത്തെ അവർ പ്രഘോഷിച്ചു; മറ്റുള്ളവരിലേക്ക് എത്തിച്ചു. എന്നാൽ അവതരിച്ച വചനത്തിന്റെ അവർണനീയമായ ദാനം കൂടുതൽ സമ്പൂർണ്ണമായി ദൈവജനത്തിലേക്ക് എത്തിക്കാൻ പുരോഹിതന്മാർക്കു കൂടുതൽ സാധിക്കുവെന്ന് മനസ്സിലാക്കിയ മദർ ആ കാര്യത്തിനായി പ്രാർത്ഥിക്കാൻ തുടങ്ങി. നീണ്ടകാലത്തെ പ്രാർത്ഥനയുടെയും പരിശ്രമത്തിന്റെയും ഫലമായി ദൈവത്തിന്റെ അനന്ത കാരുണ്യത്താൽ 1994-ൽ തന്റെ സഭാ സമൂ

ഹത്തിന്റെ പുരുഷന്മാർക്കായുള്ള ഒരു സഭ; മനുഷ്യവതാരത്തിന്റെ പ്രേഷിത വൈദിക സമൂഹം - '**മിഷനറി ഫാദേഴ്സ് ഓഫ് ഇൻകാർനേഷൻ**' (പി.എം.ഐ) എന്ന പേരിൽ ഇന്ത്യയിൽ കേരളത്തിലെ കൊച്ചിയിൽ രൂപീകരിക്കാൻ മദറിന് സാധിച്ചു.

**ദൈവത്തിനു നന്ദി**

എല്ലാം ദൈവ മഹത്വത്തിന് സമർപ്പിച്ച് എല്ലാം ദൈവത്തിന്റെ ദാനം എന്നു പറഞ്ഞ് എളിമയിൽ നിഴലിക്കുന്ന മദറിന്റെ അവസാന നാളുകളിൽ ഇപ്രകാരം പറയുകയുണ്ടായി : '*ഞാൻ ആഗ്രഹിച്ചതിലും ഏറെ അവിടുന്ന് എനിക്ക് നൽകി. ഇപ്പോൾ ഇതിനകം മങ്ങിത്തുടങ്ങിയ എന്റെ കണ്ണുകൾ അവയുടെ തീർത്ഥാടനങ്ങളിൽ വാഗ്ദാന നാട്ടിലേക്കുള്ള എത്രയോ കാര്യങ്ങൾ കണ്ടു കഴിഞ്ഞിരിക്കുന്നു. അവിടുത്തോട് നന്ദി പറയുന്നു. ഇപ്പോൾ എന്റെ ഹൃദയം അവിടുത്തെ ഗാഢബന്ധത്തിൽ ആണെന്ന് എന്റെ സഹോദരരെ എനിക്ക് മനസ്സിലായി. ആയതിനാൽ എന്നെ നോവിച്ചവരോടും എന്നെ സഹായിച്ചവരോടും ഞാൻ സമാധാനത്തിൽ ആണ്.*' പൂർണ്ണമായി ദൈവത്തിന്റെ കരങ്ങളിൽ ആകാതെ ഇങ്ങനെ പറയാൻ ആർക്ക് സാധിക്കും. വാക്കുകൾ കൊണ്ട് മാത്രമല്ല അമ്മയുടെ പ്രവർത്തികളും ചിരിയും വരെ മറ്റുള്ളവർക്ക് ദൈവാനുഭവം പകരുന്നതായിരുന്നു. തന്റെ 84-ാം വയസ്സിൽ മോശമായ ആരോഗ്യാവസ്ഥ സമ്മാനിച്ച അതികഠിനമായ വേദനയും സഹനങ്ങളും യാതൊരു മടിയും കൂടാതെ സ്വീകരിച്ച് ഈശോയുടെ സഹനത്തോടെ ചേർത്തുവച്ച് ആത്മീയ ബലത്താൽ മറ്റുള്ളവരുടെ മുമ്പിൽ പുഞ്ചിരി തൂകി നിൽക്കുന്ന അമ്മയുടെ ചിത്രം (ബാൽക്കണിയിൽ വന്ന് നിൽക്കുന്ന മദറിന്റെ ചിത്രം) പറയാതെ പറയുന്നു "**എന്റെ ഓട്ടം ഞാൻ പൂർത്തിയാക്കി**" എന്ന്.

അമ്മ അവസാനമായി തന്റെ മക്കളോട് പറഞ്ഞത് ഇപ്രകാരമാണ് : "**എല്ലാവരോടും കരുണയിലും എളിമയിലും ജീവിക്കുക ദൈവസ്നേഹത്തിന്റെ വാഹകരും ആയിരിക്കുക**". 2006 സെപ്റ്റംബർ 20- ന് സഭാംഗങ്ങൾ മനുഷ്യാവതാരത്തിന്റെ രഹസ്യം ധ്യാനിച്ചുകൊണ്ട് കർത്താവിന്റെ മാലാഖ ചൊല്ലി പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ (12 മണിക്ക് - വചനം മാംസം ധരിച്ചു എന്ന പ്രാർത്ഥന ഉരിവിടുന്ന സമയം) മദർ തന്റെ നിത്യ സമ്മാനത്തിലേക്ക് പ്രവേശിച്ചു.

**സംഗ്രഹം**

വാക്കുകളിലോ എഴുത്തുകളിലോ ഒതുങ്ങുന്നതല്ല മദറിന്റെ ജീവിതം, അഥവാ മദറിന്റെ സംഭാവന. കാരണം തന്റെ ജനനം മുതൽ കൂടെകൂടിയ കഷ്ടപ്പാടുകളും സഹനങ്ങളും വേദനകളും സന്തോഷത്തോടെ സ്വീകരിച്ച് ദൈവത്തിന് സമർപ്പിച്ച് ഈശോയുടെ മനുഷ്യാവതാര രഹസ്യത്തെ ധ്യാനിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വിവിധ മേഖലകളിലേക്ക് വ്യാപിക്കാൻ മരണംവരെ വ്യാപൃതയായിരുന്നു ഈ അമ്മ. പലപ്പോഴും ഞാൻ അത്ഭുതത്തോടെ മദറിന്റെ ചിത്രത്തിന്റെ മുന്നിൽ നോക്കി നിന്നുപോയിട്ടുണ്ട്. സത്യത്തിൽ **കർത്താവ് ഒരു തിരിക്കാലിൽ സ്ഥാപിച്ച മെഴുകുതിരി ആയിരുന്നു മദർ കാർള**. ചുറ്റും നിന്നിരുന്നവരെല്ലാം മദറിന്റെ പ്രകാശത്തിലൂടെ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തെ അടുത്തറിഞ്ഞു. അവതരിച്ച വചനത്തിന്റെ ആത്മാവ് മദറിലൂടെ മനുഷ്യവതാര സന്യാസമക്കളിലേക്ക് കടന്നുവന്ന് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരായി - ക്രിസ്തു സാക്ഷികളായി ഉയർത്തി നിർത്തിയിരിക്കുന്നു.

ഈ അമ്മയെ നമുക്കു മാതൃകയായി തന്ന നല്ല ദൈവത്തിന് നന്ദി പറയാം. ദൈവത്തിന്റെ ഉപകരണമായി പ്രവർത്തിച്ച മദർ കാർള സ്വർഗത്തിൽ നമുക്ക് മധ്യസ്ഥം വഹിക്കുന്നുണ്ട് എന്നു പ്രത്യാശിക്കാം. മദറിന്റെ നാമകരണ നടപടിക്രമങ്ങൾ അതിവേഗം പൂർത്തിയാകുവാനും അൾത്താര വണക്കത്തിലേക്ക് മദർ ഉയർത്തപ്പെടുവാനും ആഗ്രഹിച്ച് നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ ഈശോയുടെ മനുഷ്യാവതാര രഹസ്യത്തെ കൂടുതൽ സ്നേഹിച്ച് അടുത്തറിഞ്ഞ് ക്രിസ്തു സാക്ഷിയായി ജീവിക്കാം. മനുഷ്യാവതാര രഹസ്യത്തിന്റെ വാഹകയായ മദർ കാർള അതിനായി നമ്മെ സഹായിക്കട്ടെ...

ജോസഫ് സിറാജ്